

ടിനി ഫിലിപ്പ്

## കേന്ദ്ര ബജറ്റ്

# ഇത്ര കൊട്ടിഘോഷിക്കപ്പെടണോ, യാഥാർത്ഥ്യമെന്ത്?

**കേന്ദ്ര ബജറ്റ് സംബന്ധിച്ച യാഥാർത്ഥ്യം മനസ്സിലാക്കി ഉചിതമായ നടപടി കൈക്കൊണ്ടാൽ സംരംഭകർക്ക് അതിജീവനവും അഭിവൃദ്ധിയും സാധ്യമാകും**

കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടയിലെ പ്രധാന സംഭവം ഫെബ്രുവരി ഒന്നിന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ച കേന്ദ്ര ബജറ്റായിരുന്നു. കോവിഡ് 19 നെ തുടർന്ന് നാളിതുവരെ കാണാത്ത പ്രതിസന്ധിയിലൂടെ രാജ്യം കടന്നുപോകുമ്പോൾ 2021 ലെ ബജറ്റിനെ കുറിച്ച് വാനോളം പ്രതീക്ഷയാണ് ഉണ്ടായിരുന്നത്. ആഗോള സമ്പദ്‌വ്യവസ്ഥ 4 ശതമാനമായി ചുരുങ്ങുമെന്നും 2020-21 ൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 7.7 ശതമാനമായി ചുരുങ്ങുമെന്നുമാണ് ഔദ്യോഗിക കണക്കുകൂട്ടൽ.

പ്രതീക്ഷയുണർത്തിക്കൊണ്ട്, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ബജറ്റായിരിക്കുമെന്ന് കേന്ദ്ര ധനമന്ത്രിയും വാഗ്ദാനം ചെയ്തിരുന്നു. 2021 ബജറ്റിനെ കുറിച്ചുള്ള മിക്ക പ്രതികരണങ്ങളിലും ഇത് പ്രതിഫലിച്ചിരുന്നു. ഭരണകക്ഷിയും മന്ത്രിമാരും ബജറ്റിനെ പുകഴ്ത്തി സംസാരിക്കുകയും പ്രശസ്ത ഓഹരി നിക്ഷേപകൻ രാകേഷ് ജുൻജുൻവാല ബജറ്റിന് പത്തിൽ പത്ത് മാർക്ക് നൽകുകയും ചെയ്തു. സിഐഐ പ്രസിഡന്റ് ഉദയ് കൊട്ടക് ബജറ്റിനെ ധീരമെന്നും ഫിക്കി പ്രസിഡന്റ് ഉദയ്ശങ്കർ, വേറിട്ടു നി ൽക്കുന്നതും യുക്തിസഹമെന്നും പ്രശംസിച്ചു.

ആരോഗ്യ മേഖലയ്ക്കായി വകയിരുത്തിയ 2.23 ലക്ഷം കോടി രൂപയെ കുറിച്ചാണ് ഏറെ ചർച്ച യുയർന്നത്. മുൻവർഷത്തേക്കാൾ 137 ശതമാനം കൂടുതലാണ് ഇത്.

ബജറ്റിൽ കാണിച്ചിരിക്കുന്ന കണക്കുകളിലെ യാഥാർത്ഥ്യവും എന്താണ് ശരിക്കും സംഭവിച്ചിരിക്കുന്നതെന്നും നമുക്ക് പരിശോധിക്കാം.

### ചെലവിടൽ

പരിശോധിക്കപ്പെടേണ്ട ആദ്യത്തേതും പ്രധാനപ്പെട്ടതുമായ ഇനം 2021-22 ലെ മൊത്തം സർക്കാർ ചെലവാണ്. ബജറ്റിലെ കണക്കു പ്രകാരം 2021-22 കാലയളവിലെ മൊത്തം ചെലവ് 34.83 ലക്ഷം കോടി രൂപയാണ്. 2020-21 വർഷത്തിൽ പുതുക്കിയ കണക്ക് പ്രകാരം 34.5 ലക്ഷം കോടി രൂപയായിരുന്നു മൊത്തം ചെലവ്. 0.95 ശതമാനത്തിന്റെ തുച്ഛമായ വർധന.

പണപ്പെരുപ്പം കണക്കിലെടുത്തു വേണം ഈ തുക നമ്മൾ താരതമ്യം ചെയ്യേണ്ടതെന്ന കാര്യം ഓർക്കുക. ബജറ്റ് മുന്നോട്ട് വെക്കുന്ന ജിഡിപി വളർച്ച 14.4 ശതമാനവും യഥാർത്ഥ ജിഡിപി വളർച്ച 11 ശതമാനവുമാണ്. ഇതിനർത്ഥം പണപ്പെരുപ്പം 14.4 %- 11% = 3.4 % ആയിരിക്കുമെന്നാണ്.

2020-21 കാലയളവിലെ 34.5 ലക്ഷം കോടി രൂപയുടെ അതേ ഫലം ലഭിക്കണമെങ്കിൽ 2021-22 ൽ സർക്കാരിന്റെ മൊത്തം ചെലവ് 34.5 ലക്ഷം കോടി X 103.4% = 35.67 ലക്ഷം കോടി രൂപ ആയിരിക്കണം.

മൊത്തം ചെലവ് 34.83 ലക്ഷം കോടി രൂപ വകയിരുത്തിയതിലൂടെ, ചെലവ് മാറ്റമില്ലാതെ തുടരാൻ ആവശ്യമായ 35.67 ലക്ഷം കോടി രൂപയേക്കാൾ കുറവാണെന്നതിനാൽ സർക്കാർ യഥാർത്ഥത്തിൽ ഉത്തേജനം നൽകുകയല്ല നെഗറ്റീവ് ഉത്തേജനമാണ് നൽകുന്നത്.

> **ബജറ്റിലെ യഥാർത്ഥ കണക്കുകൾ മനസ്സിലാക്കി സംരംഭകർ അവരവരുടെ നിഗമനങ്ങളിൽ എത്തിച്ചേരുക. എന്റെ കാഴ്ചപ്പാടിൽ 2021 കേന്ദ്ര ബജറ്റ് ഉത്തേജനം നൽകുന്നല്ല, മറിച്ച് വലിയ തോതിൽ പണച്ചുരുക്കം ഉണ്ടാക്കുന്ന ഒന്നാണ്.**

### മൊത്ത നികുതി വരുമാനം

പരിശോധിക്കപ്പെടേണ്ട രണ്ടാമത്തെ ഇനം 2021-22 ലെ മൊത്ത നികുതി വരുമാനമാണ്. ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2021-22 ലെ മൊത്ത നികുതി വരുമാനം 22.17 ലക്ഷം കോടി രൂപയാണ്. 2020-21 വർഷത്തെ പുതുക്കിയ കണക്കു പ്രകാരം മൊത്ത നികുതി വരുമാനം 24.23 ലക്ഷം കോടി രൂപയായിരുന്നു. 8.5 ശതമാനത്തിന്റെ വൻ ഇടിവ്.

3.4 ശതമാനം പണപ്പെരുപ്പം കണക്കിലെടുക്കുകയാണെങ്കിൽ മൊത്ത നികുതി വരുമാനത്തിലെ യഥാർത്ഥ ഇടിവ് ഇതിലും വലുതാണ്.

നികുതി നിരക്കിൽ മാറ്റം വരുത്തിയിട്ടില്ലാത്തതിനാലും വരുമാനത്തിന്റെ ഒരു ഭാഗം മാത്രമാണ് നികുതി എന്നതിനാലും 2021-22 വർഷം രാജ്യത്തുടനീളം വ്യക്തിഗത-ബിസിനസ് വരുമാനം 2020-21 നേക്കാൾ വളരെ കുറവായിരിക്കുമെന്ന് ബജറ്റ് തന്നെ കണക്കാക്കുന്നുവെന്നാണ് ഇത് അർത്ഥമാക്കുന്നത്.

### ആരോഗ്യമേഖലയിലെ ചെലവിടൽ

രാജ്യത്തെ ആരോഗ്യ പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ ആരോഗ്യ സംരക്ഷണത്തിനായുള്ള ചെലവിടൽ ഗണ്യമായി ഉയരുമെന്ന് പ്രതീക്ഷിച്ചിരുന്നു.

ബജറ്റിൽ ആരോഗ്യ സംരക്ഷണത്തിനുള്ള ചെലവിടൽ 137 ശതമാനം വർധിച്ച് 2.23 ലക്ഷം കോടി രൂപയായി. യഥാർത്ഥ കണക്കുകൾ നോക്കുമ്പോൾ, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് 2021-22 ൽ അനുവദിച്ചിരിക്കുന്ന ആകെ തുക 73,932 കോടി രൂപയാണ്. 2020-21 ലെ പുതുക്കിയ കണക്കനുസരിച്ചുള്ള 82,928 കോടി രൂപയേക്കാൾ വളരെ കുറവാണിത്. അതുകൊണ്ട് 2.23 ലക്ഷം കോടി രൂപയെന്ന കണക്ക് എവിടെ നിന്ന് വന്നു?

ഈ 2.23 ലക്ഷം കോടിയിൽ നിന്ന്, കുടിവെള്ള-ശുചിത്വ വകുപ്പിന്റെയും പോഷകാഹാര വകുപ്പിന്റെയും ചെലവിടൽ തുകയായ 62,730 കോടി രൂപ ആരോഗ്യവകുപ്പിന്റെ ചെലവിടലിനൊപ്പം ക്ലബ് ചെയ്ത് കാണിക്കുകയാണ് ചെയ്തത്. ഇതൊരു അസാധാരണ നടപടിയാണ്.

49,214 കോടി രൂപ, ജലം, ശുചിത്വം, ആരോഗ്യം തുടങ്ങിയവയ്ക്കായി ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നൽകുന്ന ധനസഹായവുമായി ക്ലബ് ചെയ്തിരിക്കുന്നു. സംസ്ഥാനങ്ങളുടെ ആരോഗ്യ ചെലവുകളിലും ഇത് കാണിക്കും.

ഇതും ഒരസാധാരണ നടപടി തന്നെയാണ്.

35,000 കോടി രൂപ കോവിഡ് വാക്സിൻ വിതരണത്തിനായി ഒറ്റത്തവണ ചെലവിടലിനായി ഉൾപ്പെടുത്തിയതാണ്. വരും വർഷങ്ങളിൽ അത് ഉണ്ടാകണമെന്നില്ല. അതുകൊണ്ട് ആരോഗ്യ മേഖലയിലെ ചെലവിടലിൽ 137 ശതമാനം വർധനയ്ക്ക് പകരം ഏകദേശം 10.8 ശതമാനം കുറവാണ് ഉണ്ടായിരിക്കുന്നത്.

### ദേശീയ തൊഴിലുറപ്പ് പദ്ധതി ചെലവിടൽ

കോവിഡ് മഹാമാരി സൃഷ്ടിച്ച വൻതോതിലുള്ള തൊഴിലില്ലായ്മ കണക്കിലെടുക്കുമ്പോൾ സ്വാഭാവികമായും രാജ്യത്തിന്റെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംഎൻആർഇജിഎ)ക്കായി വകയിരുത്തുന്ന തുകയിൽ ഗണ്യമായ വർധന വരുത്തുമെന്നാണ് പ്രതീക്ഷിച്ചത്.

പദ്ധതിക്കായി 2020-21 ൽ വകയിരുത്തിയ 1.11 ലക്ഷം കോടി രൂപയെന്നത് 2019-20 ലെ പുതുക്കിയ കണക്കനുസരിച്ചുള്ള 71000 കോടി രൂപയേക്കാൾ വളരെ കൂടിയ തുകയായിരുന്നു. എന്നാൽ, 2021-22 ലേക്കായി ബജറ്റ് വകയിരുത്തിയിട്ടുള്ളത് 73000 കോടി രൂപ മാത്രമാണെന്ന് കാണാനാകും.

നടപ്പ് സാമ്പത്തിക വർഷത്തേക്കാൾ 30 ശതമാനം കുറവാണ് ഈ തുകയെന്നതിനാൽ ഇത് സമ്പദ്‌വ്യവസ്ഥയെ വലിയ തോതിൽ പിന്നിലേക്ക് വലിക്കും.

### ഉപസംഹാരം

2021 ബജറ്റ് ഉണ്ടാക്കിയ ആവേശത്തിൽ സംരംഭകർ കബളിക്കപ്പെടരുത്. മറിച്ച്, യഥാർത്ഥ കണക്കുകൾ മനസ്സിലാക്കി അവരവരുടെ നിഗമനങ്ങളിൽ എത്തിച്ചേരുക. എന്റെ കാഴ്ചപ്പാടിൽ, 2021 കേന്ദ്ര ബജറ്റ് ഉത്തേജനം നൽകുന്നല്ല, മറിച്ച് വലിയ തോതിൽ പണച്ചുരുക്കം ഉണ്ടാക്കുന്ന ഒന്നാണ്. കോവിഡ് 19 ന് മുമ്പു തന്നെ മാന്ദ്യത്തിലായിരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് ആഘാതമായി അടുത്ത രണ്ടു വർഷങ്ങൾ വളരെ മോശമായിരിക്കുമെന്നാണ് കരുതുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി സംരംഭകർ അതിജീവനത്തിനും അഭിവൃദ്ധി പ്രാപിക്കുന്നതിനും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയാണ് വേണ്ടത്. ■

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM (L) നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.wedeliver-results.com.*


